# X റൂളിംഗ്

## (1) ഒറിജിനൽ ബില്ലിൽ ഇല്ലാത്ത വ്യവസ്ഥകൾ സബ്ജക്ട് കമ്മിററി റിപ്പോർട്ടുചെയ്ത ബില്ലിൽ ചേർത്തത് സംബന്ധിച്ച്

മി. സ്പീക്കർ : ഒറിജിനൽ ബില്ലിൽ ഇല്ലാതിരുന്ന ചില വ്യവസ്ഥകൾ സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിൽ ചേർത്തത് ശരിയല്ലെന്നും ബഡ്ജററ് നിർദ്ദേശങ്ങളില്ലാത്ത നികുതി നിർദ്ദേശങ്ങൾ ഫൈനാൻസ് ബില്ലിൽ ചേർത്തിട്ടുണ്ടെന്നുമാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ ഉന്നയിച്ച ക്രമപ്രശ്നം.

കമ്മിററിയുടെ പരിഗണനയ്ക്കയയ്ക്കുന്ന ബില്ലിന്റെ തത്വങ്ങൾക്ക് പ്രതിബന്ധമോ വിനാശമോ ആവാത്ത വിധത്തിൽ ബില്ലിൽ മാററം വരുത്തുവാൻ കമ്മിററിക്ക് വിപുലവും വിശാലവുമായ അധികാരമുണ്ട്. A Committee may amend and redraft a bill completely including long title and short title without changing the principle. Likewise a Committee may insert new provisions in the bill, restrict the scope of the bill or even vary the incidence of taxation proposals after obtaining the prior recommendation of the President എന്ന് 'Practice and Procedure of Parliament' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. സഭയുടെ മുൻപാകെയുള്ള സബ്ജക്ട് കമ്മിററി ഭേദഗതി ചെയ്ത പ്രകാരമുള്ള ഫൈനാൻസ് ബില്ലിന്റെയും അതിന്റെ ഒറിജിനൽ ബില്ലിന്റെയും വ്യവസ്ഥകൾ ചെയർ താരതമ്യം ചെയ്തു. ഒറിജിനൽ ബില്ലിൽ പല മാററങ്ങളും സബ്ജക്ട് കമ്മിററി വരുത്തിയെങ്കിലും അത് മുകളിൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായിരുന്നു. പക്ഷേ ഒരു അമൻഡിംഗ് ബില്ലിൽ കമ്മിററി മാററം വരുത്തുമ്പോൾ അൽപം ഒരു നിയന്ത്രണം പാലിക്കേണ്ടതുണ്ട്. ഒറിജിനൽ ആക്ടിന്റെ വ്യവസ്ഥകൾ സ്ക്രൂട്ടിണൈസ് ചെയ്യാനുള്ള അധികാരം സഭ സമിതിക്കു നൽകാത്തപക്ഷം സാധാരണഗതിയിൽ ഭേദഗതിക്കായി തുറന്നുകിട്ടിയ വകുപ്പുകളിൽ ഒതുങ്ങി നിന്നുകൊണ്ടു മാത്രമേ സമിതി amending bill-കൾക്ക് ഭേദഗതി നിർദ്ദേശിക്കാവൂ. ഈ സാമാന്യ തത്വത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ സമിതി ഭേദഗതി ചെയ്ത പ്രകാരമുള്ള ബില്ലിന്റെ 4-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ (iv)-ാമതായി ഒരു പുതിയ ഇനം ചേർത്തതായി കാണുന്നു. പ്രസ്തുത ഇനം ഭേദഗതിക്ക് തുറന്നു കിട്ടിയതായിരുന്നില്ല. ഇതൊരു പിശകാണ്. ഇനി മേലിൽ ഒറിജിനൽ ആക്ട് സ്ക്രൂട്ടിണൈസ് ചെയ്യാനുള്ള അധികാരം കമ്മററിക്ക് ലഭിക്കാത്തപക്ഷം ഇപ്രകാരം ചെയ്യാൻ പാടുള്ളതല്ല. ബഡ്ജററിലുള്ള നികുതി നിർദ്ദേശങ്ങൾ മാത്രമേ ഫൈനാൻസ് ബില്ലിൽ പെടുത്താവൂ എന്നു ശഠിച്ചാൽ ബഡ്ജററ് നിർദ്ദേശങ്ങളിലില്ലാത്ത പുതിയ നികുതി കൊണ്ടുവരികയോ പുതിയതായി നികുതി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യേണ്ടിവരുന്നപക്ഷം ഫൈനാൻസ് ബില്ലു കൂടാതെ മറെറാരു ബില്ലുകൂടി കൊണ്ടുവരേണ്ടതായി വരും. ഇത് ഒഴിവാക്കുന്നതിനായി ഗവൺമെൻറിന് പ്രായോഗികമെന്ന് തോന്നുന്നപക്ഷം ബഡ്ജററ് നിർദ്ദേശങ്ങളിൽ ഇല്ലാത്ത നികുതി നിർദ്ദേശങ്ങൾ കൂടി ഫൈനാൻസ് ബില്ലിൽപ്പെടുത്തുന്നതിൽ അപാകതയില്ല. ആയതിനാൽ ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം—II

# റൂളിംഗ്

## 1994-ലെ കേരള ഫൈനാൻസ് ബിൽ അവതരണസമയത്ത് ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ച്

മി. സ്പീക്കർ: ജൂലായ് 26-ാം തീയതി 1994-ലെ കേരള ഫൈനാൻസ് ബിൽ സബ്ജക്ട് കമ്മററിയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചപ്പോൾ ശ്രീ. ടി. ശിവദാസമേനോനും ശ്രീ. വി. ജെ. തങ്കപ്പനും തടസ്സവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. ഫൈനാൻസ് ബില്ലിൽ ടാക്സേഷനെ സംബന്ധിക്കാത്ത കാര്യങ്ങൾക്കുള്ള വ്യവസ്ഥ കൂട്ടിച്ചേർത്ത് പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിന്റെ വെളിച്ചത്തിൽ ശരിയല്ലെന്ന് ശ്രീ. ടി. ശിവദാസമേനോൻ വാദിച്ചു.

ഫൈനാൻസ് ബില്ലിന് നമ്മുടെ നടപടിചട്ടങ്ങളിൽ നിർവചനം നൽകിയിട്ടില്ല.

Finance Bill means the Bill ordinarily introduced in each year to give effect to the financial proposals of the Government of India for the next financial year (Kaul and Shakdher) ഇതനുസരിച്ച് ഫൈനാൻസ് ബിൽ എന്നാൽ നികുതി നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള ബിൽ എന്നർത്ഥമില്ല. നേരെമറിച്ച് ഫൈനാൻഷ്യൽ പ്രൊപ്പോസൽസ് നടപ്പാക്കാനുള്ള ബില്ലാണ് ഫൈനാൻസ് ബിൽ. ബഡ്ജററിൽ നിരവധി ഫൈനാൻഷ്യൽ പ്രൊപ്പോസൽസ് ഉണ്ടായിരിക്കും. അവ നടപ്പാക്കാനാണ് ഫൈനാൻസ് ബിൽ കൊണ്ടുവരുന്നത്; അല്ലാതെ ടാക്സ്, ഡ്യൂട്ടി മുതലായവ ചുമത്തുന്നതിനോ വർദ്ധിപ്പിക്കുന്നതിനോ ഉള്ള ടാക്സേഷൻ നിർദ്ദേശങ്ങൾക്കുവേണ്ടി മാത്രമല്ല. ബഡ്ജററിലെ നിരവധി ഫൈനാൻഷ്യൽ പ്രൊപ്പോസലിലെ ഒരിനം മാത്രമാണ് ടാക്സ്, ഡ്യൂട്ടി മുതലായവ ചുമത്തുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുന്ന ടാക്സേഷൻ പ്രൊപ്പോസലുകൾ. ഇതിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി കേന്ദ്ര ഫൈനാൻസ് ബില്ലുകൾ ചെയർ പരിശോധിച്ചു. 1987-ലെ കേന്ദ്ര ഫൈനാൻസ് ബില്ലിലെ 6-ാം അദ്ധ്യായത്തിൽ പലവകയെന്ന ശീർഷകത്തിന് താഴെ 109-ാം വകുപ്പായി 1986-ലെ കസ്റ്റംസ് ആൻറ് എക്സൈസ് റവന്യൂസ് അപ്പലേററ് ട്രൈബ്യൂണൽ ആക്ടിന് ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി താഴെ കൊടുക്കുന്നു.

109. In the Customs and Excise Revenues Appellate Tribunal Act, 1986, in Section 5, after sub-section (3) the following Explanation shall be inserted, namely :—

"Explanation :—For the purposes of sub-section (3) in computing the period during which a person has been a member of the Indian Customs and Central Execise, Service, Group 'A', there shall be included any period during which the person had been a member of the Indian Customs Service Class I, or the Central Excise Service Class I, as the case may be, of the Indian Revenue Service immediately before the constitution of the Indian Customs and Central Excise Service, Group 'A'.

ഇതിനകത്ത് യാതൊരു നികുതി നിർദ്ദേശവുമില്ല. പക്ഷേ ഇത് കേന്ദ്ര ഫൈനാൻസ് ബില്ലിൽ ചേർത്തിട്ടുണ്ട്. ഇതിൽ നിന്ന് നികുതി നിർദ്ദേശങ്ങൾ മാത്രമേ ഫൈനാൻസ് ബില്ലിൽ ചേർക്കാവൂ എന്ന വാദം ശരിയല്ലെന്നു സിദ്ധിക്കുന്നു. ആയതിനാൽ ശ്രീ. ടി. ശിവദാസമേനോന്റെ ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല.

ഫൈനാൻസ് ബില്ലിൽ കടന്നുകൂടിയ പിശകുകളെ ഒരു ഇറാറം നോട്ടിഫിക്കേഷൻ മുഖാന്തിരം ഭേദഗതി ചെയ്തുവെന്നും 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം ഫൈനാൻസ് ബില്ലിൽ ഡിക്ലറേഷൻ ചേർക്കുന്നതോടുകൂടി ബില്ലിന് ഒരു നിയമത്തിന്റെ പ്രാബല്യം കിട്ടുമെന്നും അങ്ങനെ യഥാർത്ഥത്തിൽ ഏപ്രിൽ 1 മുതൽ 120 ദിവസത്തേയ്ക്കുള്ള നിയമമായ ഫൈനാൻസ് ബില്ലിൽ ഒരു ഇറാറം കൊണ്ട് മാററം വരുത്തിയത് തെററാണെന്നുമാണ് ശ്രീ. തങ്കപ്പൻ ചൂണ്ടിക്കാണിച്ചത്.

പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിന്റെ 3-ാം വകുപ്പനുസരിച്ച് സഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഫൈനാൻസ് ബില്ലിൽ ഡിക്ലറേഷൻ ചേർത്തു എന്നതുകൊണ്ടുമാത്രം അതിന് നിയമപ്രാബല്യം കിട്ടുകയില്ല. ഫൈനാൻസ് ബിൽ സഭയിൽ അവതരിപ്പിച്ചു കഴിയുമ്പോൾ മാത്രമേ ഡിക്ലറേഷന്റെ ഫലമായുള്ള നിയമപ്രാബല്യം അതിന് കിട്ടുകയുള്ളു. ബിൽ അവതരിപ്പിക്കുന്നതിനു മുൻപുതന്നെ ശ്രീ. വി. ജെ. തങ്കപ്പൻ ചൂണ്ടിക്കാണിച്ച തെററുതിരുത്തൽ ബുള്ളററിൻ അംഗങ്ങൾക്ക് നൽകിയിരുന്നു. തിരുത്തിയ പ്രകാരമുള്ള ബില്ലാണ് സഭയിൽ അവതരിപ്പിച്ചത് എന്നതുകൊണ്ട് തിരുത്തിയ ബില്ലിനാണ് നിയമപ്രാബല്യം സിദ്ധിച്ചത്. ആയതിനാൽ നിയമപ്രാബല്യം കിട്ടിയ ബില്ലിന് ഇറാറംവഴി തിരുത്തൽ വരുത്തിയെന്ന വാദം വസ്തുതകളുടെ വെളിച്ചത്തിൽ ശരിയല്ല. കൂടാതെ ഫൈനാൻസ് ബിൽ മൗലികമായി ഒരു ബില്ലുതന്നെയാണ്. ഒരു ബില്ലിൽ വരുന്ന തെററുകൾ നിർദ്ദിഷ്ട രീതിയിൽ തിരുത്തുന്നതിൽ അപാകതയില്ല. അതുകൊണ്ട് ഇറാറം നോട്ടിഫിക്കേഷൻ മുഖേന ഫൈനാൻസ് ബില്ലിലെ തെററ് തിരുത്തിയതിൽ അപാകതയില്ല. ബഡ്ജററ് പ്രസംഗത്തിലെ കാര്യങ്ങൾക്ക് വിപരീതമായ വ്യവസ്ഥകൾ ഫൈനാൻസ് ബില്ലിൽപ്പെടുത്തി എന്നാണ് ശ്രീ. വി. ജെ. തങ്കപ്പൻ ചൂണ്ടിക്കാട്ടിയ മററൊരു കാര്യം. ഇതിന് ഉപോദ്ഫലകമായി ബഡ്ജററ് പ്രസംഗത്തിന്റെ 244-ാം ഖണ്ഡികയും അതനുസരിച്ച് ഫൈനാൻസ് ബിൽ മുഖേന സ്ററാമ്പ് ആക്ടിൽ പുതിയതായി ചേർത്ത 45 സി വകുപ്പും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ബഡ്ജററ് പ്രസംഗത്തിന്റെ പ്രസ്തുത ഖണ്ഡിക പ്രകാരം ഭൂമിയുടെ അണ്ടർ വാല്യുവേഷൻ തടയുന്നതിനായി കരണത്തിൽ ന്യായവിലയുടെ 15 ശതമാനമോ അതിൽ കുറവോ ആയി വില കാണിക്കുന്നപക്ഷം ആ ഭൂമി 25% വില അധികം കൊടുത്ത് ഗവൺമെന്റ് എടുക്കുമെന്ന് പറഞ്ഞിരുന്നു. സ്ററാമ്പ് ആക്ടിൽ പുതിയതായി ചേർക്കുന്ന 45 സി വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് അനുസരിച്ച് വില 15 ശതമാനമോ അതിൽ കുറവോ ആയി കാണിക്കുന്നപക്ഷം ഭൂമി രജിസ്ററർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഭൂമി വിലയ്ക്ക് എടുക്കുക്കുതിനുവേണ്ടി കളക്ടർക്ക് റഫർ ചെയ്യണമെന്ന് പറയുന്നു. അതിന്റെ (2)-ാം ഉപവകുപ്പ് അനുസരിച്ച് കളക്ടർക്ക് ന്യായവിലയുടെ അടിസ്ഥാനത്തിൽ മുദ്രവില നിശ്ചയിക്കാനും ന്യായവിലയുടെ 25 ശതമാനത്തിൽ കവിയാത്ത ഫൈൻ നിർദ്ദേശിക്കാനും അധികാരം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ന്യായവില പ്രകാരമുള്ള മുദ്രവിലയും, ഫൈനും നിശ്ചിത സമയത്തിനുള്ളിൽ നൽകാത്തപക്ഷം 25% അധികം നൽകി ഭൂമി വിലയ്ക്ക് എടുക്കുവാൻ (3)-ാം ഉപവകുപ്പ് ഗവൺമെൻറിന് അധികാരം നൽകുന്നു. നിയമത്തിൽ നാച്ചുറൽ ജസ്ററീസ് കാത്തുസൂക്ഷിക്കുന്നതിനും ഗവൺമെൻറ് എടുക്കുന്ന നടപടി ആർബിററി ആകാതിരിക്കാനുമുള്ള മുൻകരുതലുകൾ ആവശ്യമാണ്. അതുമാത്രമേ പുതിയതായി ചേർത്തിട്ടുള്ള 45 സി വകുപ്പിൻെറ (2) (3) എന്നീ ഉപവകുപ്പുകളിൽ വിവക്ഷിക്കുന്നുള്ളൂ. (2)-ാം ഉപവകുപ്പ്പ്രകാരം ന്യായവില അനുസരിച്ചുള്ള മുദ്രവിലയും 25 ശതമാനം വരെ ഫൈനും ഈടാക്കുന്നതുകൊണ്ട് ബഡ്ജററ് പ്രഖ്യാപന പ്രകാരമുള്ള ഗവൺമെൻറിൻെറ സാമ്പത്തിക താൽപര്യം ബില്ലിൽ പരിരക്ഷിക്കുന്നുണ്ട്. കൂടാതെ 25 ശതമാനം അധികവില നൽകി ഭൂമി എടുക്കുവാനും വ്യവസ്ഥയുണ്ട്. ആയതിനാൽ ബഡ്ജററ് പ്രഖ്യാപനത്തിൽ നിന്ന് വ്യത്യസ്തമായാണ് ഫൈനാൻസ് ബില്ലിലെ വ്യവസ്ഥയെന്ന വാദഗതി സ്വീകാര്യമല്ല. ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല.

---

LIBRARY ARCHIVES Kerala Legislative Assembly